പതിനാലാം കേരള നിയമസഭ
നാലാം സമ്മേളനം
ചോദ്യം നം. 2734 09-03-2017-ലെ മറുപടിക്ക്

**നിയമ മേഖലയിൽ നടത്തിയ പരിഷ്കാരങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മുല്ലക്കര രത്നാകരൻ,<br>ശ്രീമതി. ഗീതാ ഗോപി,<br>ശ്രീമതി. സി.കെ. ആശ,<br>ശ്രീ. പി. മുഹമ്മദ് മുഹസിൻ | ശ്രീ. എ. കെ. ബാലൻ<br>ബഹു. പട്ടികജാതി പട്ടികവർഗ്ഗ<br>പിന്നോക്കസമുദായക്ഷേമവും നിയമവും<br>സാംസ്കാരികവും പാർലമെന്ററികാര്യവും മന്ത്രി |

| | |
|---|---|
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിയമ മേഖലയിൽ നടത്തിയ പരിഷ്കാരങ്ങൾ എന്തൊക്കെ യാണെന്ന് വിശദമാക്കുമോ; | കേരള അഡ്വക്കേറ്റ്സ് ക്ഷേമനിധിയിലേയ്ക്കുള്ള കോർട്ട് ഫീ വിഹിതം 70 % ആയി ഉയർത്തി. വ്യവഹാരികൾക്ക് അടിസ്ഥാനസൗകര്യം ഒരുക്കുന്നതിന് 10 % കോർട്ട് ഫീ വിഹിതം ഫണ്ടിൽ നിന്നും അനുവദിക്കുന്നതിന് നിയമ ഭേദഗതി കൊണ്ടുവന്നു. കേരളത്തിൽ നിലവിലുള്ള നിയമങ്ങൾ പരിശോധിച്ച് കാലോചിതമായ മാറ്റങ്ങൾ വരുത്തുന്നതിനും, കാലഹരണപ്പെട്ടവ ഉണ്ടെങ്കിൽ ആയവ ഒഴിവാക്കുന്നതിനും, പുതുതായി നിയമങ്ങൾ രൂപീകരിക്കേണ്ടതുണ്ടെങ്കിൽ അതു സംബന്ധിച്ചുമുള്ള പഠനം നടത്തി ശിപാർശകൾ സമർപ്പിക്കുന്നതിനുമായി കേരള നിയമ പരിഷ്കരണ കമ്മീഷൻ രൂപീകരിക്കുന്നതിന് സർക്കാർ നടപടികൾ എടുത്തുവരുന്നു. |
| (ബി) അഭിഭാഷക ക്ഷേമനിധിയിൽ ഏതൊക്കെ ആനുകൂല്യങ്ങളാണ് പുതുതായി കൊണ്ടുവന്നതെന്ന് വിശദമാക്കുമോ; | 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിൽ വരുത്തിയ ഭേദഗതി മുഖേന കേരള അഭിഭാഷക ക്ഷേമനിധിയിൽ നിന്ന് താഴെ പറയുന്ന ആനുകൂല്യങ്ങൾക്ക് പുതുതായി വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br>(1) അഭിഭാഷക ക്ഷേമനിധി വിരമിക്കൽ ആനുകൂല്യം നിലവിലുണ്ടായിരുന്ന അഞ്ചു ലക്ഷം രൂപയിൽ നിന്ന് പത്തു ലക്ഷം രൂപയായി വർദ്ധിപ്പിച്ചു.<br>(2) മെച്ചമായ ലീഗൽ സർവ്വീസ് പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിന് അഭിഭാഷകരുടെ നിയമവിജ്ഞാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടിയും അവരുടെ ശേഷി |

| | |
|---|---|
| | കൂട്ടുന്നതിനുമായി കേരളാ ബാർ കൗൺസിൽ സ്ഥാപിക്കുന്ന അഭിഭാഷക അക്കാദമിക്ക് സഹായം നൽകുന്നതിനും;<br>(3) ജൂനിയർ അഭിഭാഷകർക്ക് 3 വർഷം വരെ കേരള അഭിഭാഷക ക്ഷേമനിധി ട്രസ്റ്റി കമ്മിറ്റി കാലാകാല ങ്ങളിൽ നിശ്ചയിക്കുന്നതും സർക്കാർ അംഗീകരിക്കു ന്നതുമായ നിരക്കിൽ സ്റ്റൈപ്പന്റ് നൽകുന്നതിനും;<br>(4) ക്ഷേമനിധിയിലെ അംഗങ്ങൾക്ക് മേജർ ശസ്ത്രക്രിയ ഉൾപ്പെടുന്ന, ആശുപത്രിയിൽ കിടത്തി ചികിൽസിക്കുന്ന സംഗതിയിലോ കാൻസർ ചികിൽസ യ്ക്കും മറ്റ് ഗുരുതരരോഗങ്ങൾക്കുള്ള ചികിൽസ യ്ക്കും വേണ്ടിയോ, മൂന്ന് വർഷക്കാലയളവിലേ യ്ക്ക് ഒരു ലക്ഷം രൂപ നൽകുന്നതിനും;<br>(5) മറ്റു സർവ്വീസുകളിലെ സേവനകാലം 5 വർഷ ത്തിൽ അധികരിക്കുകയില്ലെങ്കിലോ പ്രതിമാസ വിരമിക്കൽ ആനുകൂല്യങ്ങളോ പെൻഷനോ അയ്യായിരം രൂപയിൽ കവിയുകയില്ലെങ്കിലോ മറ്റു സർവ്വീസിൽ നിന്ന് വിരമിച്ചതിനുശേഷം അഭിഭാഷക രായി എൻറോൾ ചെയ്യുന്ന ആളുകളെ ക്ഷേമനിധി യിൽ ചേർക്കുന്നതിനും. |
| (സി) ജൂനിയർ അഭിഭാഷകർക്ക് സ്റ്റൈപ്പന്റ് അനുവദിക്കുന്നതിനുള്ള നിയമം ഭേദഗതി ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; | മുപ്പത് വയസ്സ് പൂർത്തിയാകാത്തതും ഒരു ലക്ഷം രൂപയിൽ താഴെ വാർഷിക വരുമാനമുള്ളതുമായ എൻറോൾ ചെയ്ത 3 വർഷം വരെയുള്ള ജൂനിയർ അഭിഭാഷകർക്ക് കേരള അഭിഭാഷക ക്ഷേമനിധി യിൽ നിന്നും സ്റ്റൈപ്പന്റ് നൽകുന്നതിനായി വ്യവസ്ഥ ഉൾപ്പെടുത്തി 1980-ലെ കേരള അഭിഭാഷക ക്ഷേമനിധി ആക്റ്റിൽ ഭേദഗതി വരുത്തിയിട്ടുണ്ട്. |

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ